**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3742** **06-08-2021 - ൽ മറുപടിയ്ക്ക്**

**നഴ്സിംഗ് പഠനം പൂർത്തീകരിച്ചവർക്ക് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് നാളിതു വരെ എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ജനറൽ നഴ്സിംഗ്/ബി.എസ്.സി.നഴ്സിംഗ് പാസായ പട്ടികജാതി വിഭാഗത്തിലെ യുവതീയുവാക്കളെ സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ ഒരാൾ വീതവും ജില്ലാ ജനറൽ ആശുപത്രികളിൽ 3 പേർ വീതവും 2 വർഷത്തേക്ക് പ്രതിമാസം 15,000/-രൂപ നിരക്കിൽ ഹോണറേറിയം നൽകി പരിശീലനം നടത്തുന്നതിന് 2018-19 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകി പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിലൂടെ ജനറൽ നഴ്സിംഗ്/ബി.എസ്.സി നഴ്സിംഗ് പാസായ 187 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ബി) | നഴ്സിംഗ് പഠനം പൂർത്തീകരിച്ച മുഴുവൻ യുവതീയുവാക്കൾക്കും പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | നഴ്സിംഗ് പഠനം പൂർത്തീകരിച്ച മുഴുവൻ യുവതീയുവാക്കൾക്കും പ്രസ്തുത പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ബി.എസ്.സി നഴ്സിംഗ് അല്ലെങ്കിൽ ജനറൽ നഴ്സിംഗ് ആന്റ് മിഡ്‌വൈഫറി കോഴ്സ് പാസ്സാകുന്ന വിദ്യാർത്ഥികൾ അടിസ്ഥാന യോഗ്യതയും നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനും നേടിക്കഴിഞ്ഞ് ആശുപത്രികളിൽ ജോലി ചെയ്യാൻ പ്രാപ്തരാണ്. |

സെക്ഷൻ ഓഫീസർ